milma

Malabar Regional Co-operative Milk Producers' Union Ltd.

Wayanad Dairy, Chuzhali, Kalpetta (P.O.), Wayanad District, Kerala - 673121

MRU/PRDN/TRN-GEN/105/2026-27/ 345

19.05.2026

## പാലുല്പ്പന്നങ്ങളുടെ വിതരണ വാഹനത്തിന്റെ ട്രാൻസ്പോർട്ടേഷൻ ടെൻഡർ നോട്ടീസ്

### 1. ടെണ്ടർ ക്ഷണം

1.1. **മിൽമയുടെ മലബാർ** മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ **വയനാട് ഡെയറിയുടെ** കീഴിൽ ഉൽപ്പന്ന വിതരണത്തിനും ചരക്കു വാഹനം **01/07/2026** മുതൽ **30.06.2028** വരെ കരാർ അടിസ്ഥാനത്തിൽ ഓടുന്നതിന് ആവശ്യമുണ്ട്.

1.2. താൽപ്പര്യമുള്ളവർക്ക് ഡെയറിയിൽ നിന്നും **500** രൂപ നികുതിയടക്കം വിലയ്ക്ക് ടെണ്ടർ ഫോറങ്ങൾ **20.05.2026** മുതൽ **10.06.2026** ന് **12.00** **വരെ ലഭിക്കുന്നതാണ്. അന്നേ** ദിവസം പ്രസ്തുതയുണിറ്റിൽ **(10.06.2026ന്) ഉച്ചയ്ക്ക് 1 മണിയ്ക്ക്** മുമ്പായി 5000 രൂപ EMD സഹിതം ടെണ്ടർ സമർപ്പിക്കേണ്ടതാണ്.

1.3. ടെണ്ടറുകൾ **10.06.2026 ന് ഉച്ചയ്ക്ക് 2 മണി മുതൽ** ഡെയറിയിൽ വെച്ച് പരസ്യമായി തുറക്കുന്നതാണ്.

### 2. കോൺട്രാക്ട് കാലയളവ്

2.1 **വാഹനത്തിലേക്കുള്ള പഫ് റെഫ്രിജറേറ്റഡ് ബോഡി കരാറുകാരൻ നൽകുന്ന റൂട്ടുകൾ** – നിലവിൽ **01.07.2026** മുതൽ **30.06.2028** വരെയാണ്. കരാർ കാലാവധി പൂർത്തിയായതിന് ശേഷം കരാർ പന്ത്രണ്ട് മാസത്തേക്ക് കൂടി നീട്ടാനുള്ള അവകാശം **MRCMPU**-വിൽ നിക്ഷിപ്തമാണ്. കരാറുകാരൻ അത്തരം ദീർഘിപ്പിച്ച കാലയളവിലേക്ക് യഥാർത്ഥ കരാറിലെ അതേ നിരക്കുകളിലും നിബന്ധനകളിലും വ്യവസ്ഥകളിലും കരാർ തുടരാൻ ബാധ്യസ്ഥനായിരിക്കും. കരാറുകാരന്റെ പ്രവർത്തനമികവും, പ്രകടനവും റൂട്ടിന്റെ പ്രവർത്തനക്ഷമതയും തൃപ്തികരമെങ്കിൽ കരാർ പരസ്പര സമ്മതത്തോടെ വീണ്ടും പന്ത്രണ്ട് മാസത്തേക്ക് കൂടി നീട്ടാവുന്നതാണ്.(ആകെ 4 വർഷം).

എല്ലാ മാസവും കുറഞ്ഞത് 2500 കിലോമീറ്റർ (Assured km) ഓടേണ്ടതാണ്. എന്നാൽ ഓടുന്നതിനുള്ള തുക പ്രതിമാസം പ്രൊഡക്ട് റൂട്ടിൽ താങ്കൾ കൈകാര്യം ചെയ്ത ദൂരം 2500 കിലോമീറ്ററിൽ താഴെ ആണെങ്കിൽ 2500 കിലോമീറ്റർ പൂർത്തിയാക്കുന്നതിനു വേണ്ടിവരുന്ന റണ്ണിംഗ് കിലോമീറ്ററിന് റഫ്രിജറേഷൻ പ്രവർത്തിപ്പിക്കാതെയുള്ള കിലോമീറ്റർ നിരക്കിൽ നിന്നും ഓടാത്ത കിലോമീറ്ററിന്റെ ഡീസൽ ചിലവ് കുറച്ചിട്ടുള്ള തുക വാടക അനുവദിക്കുന്നതാണ്.

### 3. റൂട്ടിൽ ആവശ്യമായ വാഹനം

#### 3.1 വാഹന ഇനം

താഴെപ്പറയുന്ന ഇനത്തിൽപ്പെട്ട കണ്ടെയ്നർ ഘടിപ്പിക്കുന്നതിന് യോഗ്യമായ വാഹനം.

| വാഹന ഇനം | ആവശ്യമായ വാഹനങ്ങളുടെ എണ്ണം |
|---|---|
| 2 ടൺ റെഫ്രിജറേറ്റഡ് ട്രക്ക് | 1 |

## 4. വാഹനം സംബന്ധിച്ച പ്രത്യേക നിബന്ധനകൾ.

4.1. 2016 ജനുവരി 1 ന് ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾ മാത്രമെ ടെണ്ടറിൽ പരിഗണിക്കുകയുള്ളൂ.

4.2 നിലവിൽ മിൽമയുടെ കീഴിൽ കരാറിൽ ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾ 2016-മാണ്ടിന് മുമ്പ് നിർമ്മിച്ചതാണെങ്കിൽ മിൽമ ട്രാൻസ്പോർട്ടിംഗ് ജോലികൾക്കായി വാഹനത്തിന്റെ ഉപയോഗക്ഷമത/പ്രവർത്തന കാര്യക്ഷമത യുക്തമാണെന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട ഡെയറിയിലെ എഞ്ചിനിയറിംഗ് Head ൽ നിന്നും വാങ്ങി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

4.3. വാഹനം കരാർ ഉറപ്പിച്ച ശേഷം 60 ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ സഹിതം ഹാജരാക്കേണ്ടതുണ്ട്.

4.4. ഐസ്ക്രീം മുതലായ തണുപ്പിച്ച് സൂക്ഷിക്കേണ്ട ഉൽപ്പന്നങ്ങൾ കൊണ്ടുപോകുമ്പോൾ റഫ്രിജറേറ്റർ മോഡിലും ( ഊഷ്മാവ് -25C) അല്ലാത്തപ്പോൾ സാധാരണ കണ്ടെയ്നർ ആയും ഓടിക്കുവാൻ യോഗ്യമായ വാഹനമാണ് ആവശ്യമുള്ളത്.

## 5. റൂട്ടുകളെ സംബന്ധിച്ച വിശദീകരണം

5.1 വാഹനത്തിൽ ഘടിപ്പിക്കേണ്ട പഫ് കണ്ടെയ്നർ + റഫ്രിജറേഷൻ യൂണിറ്റ് കോൺട്രാക്ടർ സ്വന്തം ചിലവിൽ ഘടിപ്പിക്കേണ്ടതാണ്.

5.2 കോൺട്രാക്ടറുടെ കണ്ടെയ്നർ ഘടിപ്പിക്കുന്നതിനാൽ, വർക്ക്ഷോപ്പിലേക്കുള്ള റണ്ണിംഗ് ചാർജ്ജും ഘടിപ്പിക്കലും റിപ്പയർ ചിലവുകളും കൂടാതെ കണ്ടെയ്നറിന്റെയും വാഹനത്തിന്റെയും ഇൻഷ്വറൻസ്, RTO ചിലവുകളും, കോൺട്രാക്ടർ സ്വന്തം വഹിക്കേണ്ടതാണ്.

5.3 കോൺട്രാക്റ്ററുടെ ഭാഗത്തുനിന്നും വരുന്ന അശ്രദ്ധ കൊണ്ടുണ്ടാകുന്ന കണ്ടെയ്നർ റിപ്പയർ ചിലവുകൾ ട്രാൻസ്പോർട്ട് കോൺട്രാക്ടർ സ്വന്തം ചിലവിൽ വഹിക്കേണ്ടതാണ്.

5.4 ഡീസൽ വില കൂടുകയോ കുറയുകയോ ചെയ്യുന്നതിനനുസരിച്ച് അതാത് വാഹനത്തിനായി ചുവടെ നിശ്ചയിച്ച മൈലേജ് പ്രകാരം വാടക പുനർനിശ്ചയിക്കുന്നതാണ്. ഡീസൽ വർദ്ധനവ് അനുവദിക്കുവാൻ കുറഞ്ഞത് 50 പൈസയെങ്കിലും ഡീസൽ വിലയിൽ വർദ്ധനവ് ഉണ്ടായിരിക്കേണ്ടതാണ്. ഡീസൽ വർദ്ധനവ് 50 പൈസയിൽ കുറയുന്ന പക്ഷം, അതിനുമുമ്പായി ഡീസൽ വില വർദ്ധിച്ചപ്പോൾ വാടക വർദ്ധന അനുവദിക്കാതെ ബാക്കി നിൽക്കുന്ന ഡീസൽ വർദ്ധനാ നിരക്ക് ഉൾപ്പെടെയുള്ള മൊത്തം വർദ്ധനവ് 50 പൈസയോ അതിൽ കൂടുതലോ ആകുന്ന മുറയ്ക്കു മാത്രമേ മേൽപ്പറഞ്ഞ വർദ്ധനവ് അനുവദിക്കുകയുള്ളൂ. മറ്റൊരു കാരണവശാലും നിരക്കുകളിൽ വർദ്ധന അനുവദിക്കുന്നതല്ല. ഈ വർദ്ധനവ് എല്ലാ മാസവും ഓരോ 15 ദിവസം കഴിയുമ്പോൾ മാത്രമേ അനുവദിക്കുകയുള്ളൂ.

| Insulated Vehicles |
|---|
| 2 MT vehicles – 10 km/Ltr of Diesel |

5.5 വാഹനത്തിന്റെ പരിപാലനം, ഇന്ധനചിലവ്, കണ്ടയ്നർ പ്രവർത്തിപ്പിക്കുന്നതിനുള്ള ഡീസൽ ചിലവ്, ഡ്രൈവറുടെ ശമ്പളവും ആനുകൂല്യങ്ങളും, നിയമപരമായ മറ്റു ബാധ്യതകൾ എന്നിവ എല്ലാം കരാറുകാരന്റെ മാത്രം ഉത്തരവാദിത്വം ആയിരിക്കും.

5.6 കിലോമീറ്ററിന് രേഖപ്പെടുത്തി നൽകുന്ന നിരക്കല്ലാതെ മറ്റൊന്നും മിൽമയിൽ നിന്നും നൽകുന്നതല്ല.

## 6. ടെണ്ടർ നിരക്കുകൾ സംബന്ധിയായ വിവരങ്ങൾ

6.1 കിലോമീറ്റർ അടിസ്ഥാനത്തിൽ ഓടുന്ന റൂട്ടായതിനാൽ റണ്ണിംഗ് കിലോമീറ്റർ നിരക്കിനാണ് ടെണ്ടർ സമർപ്പിക്കേണ്ടത്.

6.2 ആവശ്യാനുസരണം റഫ്രിജറേഷൻ യൂണിറ്റ് പ്രവർത്തിപ്പിച്ചും പ്രവർത്തിക്കാതെയും ഉള്ള ട്രിപ്പുകൾ കൈകാര്യം ചെയ്യേണ്ടിവരും. ആയതിനാൽ കിലോമീറ്റർ നിരക്ക് സമർപ്പിക്കുമ്പോൾ റഫ്രിജറേഷനോട് കൂടിയും റഫ്രിജറേഷൻ ഇല്ലാതെയും ഉള്ള നിരക്ക് വെവ്വേറെ കാണിക്കേണ്ടതാണ്.

6.3 കരാറുകാരന് ESI രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. കരാറുകാരൻ തന്റെ ജീവനക്കാരുടെ ESI വിഹിതം അടച്ചതിന്റെ തെളിവുകൾ ഹാജരാക്കിയാൽ മാത്രമേ ട്രാൻസ്പോർട്ടേഷൻ ബിൽ പാസ്സാക്കുക യുള്ളൂ.

6.4 ESI രജിസ്ട്രേഷന് ESI കോർപ്പറേഷൻ നിർദേശിച്ച എണ്ണം ജീവനക്കാർ കരാറുകാരന്റെ കീഴിൽ ഇല്ല എങ്കിൽ അതനുസരിച്ച് കരാറുകാരൻ മുദ്രപത്രത്തിൽ ഒരു സത്യവാങ്മൂലം എഴുതി നൽകേണ്ടതാണ്. കൂടാതെ ഏതെങ്കിലും നാഷണലൈസ്ട് ഇൻഷുറൻസ് കമ്പനിയിൽ നിന്നുള്ള വർക്ക്മെൻ കോമ്പൻസേറ്ററി പോളിസി ഹാജരാക്കേണ്ടതാണ്.

6.5 കരാറുകാരന്റെ ബില്ലിൽ നിന്നും നിയമാനുസൃതമായ ആദായ നികുതി ഈടാക്കുന്നതാണ്. കരാറുകാർ ഇൻകം ടാക്സ് സംബന്ധിയായുള്ള PAN Card ആദ്യ ബില്ല് പാസ്സാക്കുന്നതിനു മുമ്പ് ഹാജരാക്കുവാൻ ബാധ്യസ്ഥനാണ്. കരാറുകാരൻ തൻെറ കൈവശം 10 എണ്ണത്തിൽ കുറവ് വാഹനങ്ങളാണ് ഉള്ളതെങ്കിൽ ആയത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം എഴുതി നൽകേതാണ്.

6.6 കരാറുകാരന്റെ ബില്ലിൽ നിന്നും എല്ലാ മാസവും 172 രൂപ മാത്രം "Marine Annual Turnover Policy" യ്ക്കു വേണ്ടി ഈടാക്കുന്നതാണ്.

6.7 കരാറുകാരൻ തന്റെ വാഹനത്തിൽ ഭക്ഷണ പദാർത്ഥങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനാവശ്യമായ ഭക്ഷ്യസുരക്ഷ നിയമ പ്രകാരമുള്ള ലൈസൻസ്/രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. ആയതിന്റെ കോപ്പി ഡെയറി മാനേജർക്ക് സമർപ്പിക്കേണ്ടതുമാണ്.

## 7. ടെണ്ടർ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

7.1 നിലവിലുള്ള വാഹനമുപയോഗിച്ച് കരാർ നടത്തുവാൻ ആഗ്രഹിക്കുന്നവർ ടെണ്ടറിൽ പങ്കെടുക്കുമ്പോൾ അവരുടെ വാഹന നമ്പർ ടെണ്ടറിൽ കാണിച്ചിരിക്കണം. വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ബുക്കിൽ (RC Book) ഉടമസ്ഥത തെളിയിക്കുന്ന ഭാഗം, വാഹനത്തിന്റെ നിർമ്മാണ വർഷം എന്നിവ കാണിക്കുന്ന ഫോട്ടോസ്റ്റാറ്റ് രേഖകൾ ടെണ്ടറിനൊപ്പം സമർപ്പിക്കണം.

7.1.1 പഴയ വാഹനം **(2016ഓ, അതിനുശേഷമോ ഉള്ള മോഡൽ വാഹനം)** ഉപയോഗിച്ചും **(പ്രസ്തുത വാഹനം നിലവിൽ ടെണ്ടർ സമർപ്പിക്കുന്ന ആളുടെ ഉടമസ്ഥതയിൽ ഉള്ളതല്ല എങ്കിലും)** ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്. ഇത്തരം സാഹചര്യത്തിൽ RTO സംബന്ധമായ അനുമതികൾക്ക് വേണ്ടിവരുന്ന ചിലവ് കരാറുകാരൻ വഹിക്കേണ്ടതാണ്. വാഹനം സ്വന്തം ഉടമസ്ഥതയിൽ മാറ്റിക്കൊണ്ടുള്ള രേഖകൾ കരാർ ലഭിച്ച് മൂന്ന് മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

7.2 പുതിയതായി വാഹനം വാങ്ങാനുദ്ദേശിക്കുന്നവർക്കും ടെണ്ടറിൽ പങ്കെടുക്കാം. അത്തരം മത്സരാർത്ഥികൾ പുതിയ വാഹനം സംബന്ധിയായ വിവരങ്ങൾ ടെണ്ടറിൽ കാണിച്ചിരിക്കണം. (ഇത് പൂരിപ്പിക്കുവാനുള്ള ഭാഗം നിരക്ക് എഴുതുന്ന പേജിൽ തന്നെ ഉണ്ട്.) പുതുതുതായി വാങ്ങുന്ന വാഹനത്തിനായുള്ള പെർഫോർമ ഇൻവോയ്സ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7.3 നിലവിൽ രജിസ്ട്രേഷനുള്ള വാഹനത്തിന്റെ നമ്പരോ, ടെണ്ടർ ലഭിച്ചു കഴിഞ്ഞാൽ വാഹന കമ്പനികളിൽ നിന്നും പുതിയതായി വാങ്ങാനുദ്ദേശിക്കുന്ന വാഹനത്തിന്റെ വിവരമോ ടെണ്ടറിൽ കാണിച്ചു കഴിഞ്ഞാൽ പിന്നെ കരാർ നടത്തിപ്പിന് പ്രസ്തുത വാഹനം തന്നെ ഉപയോഗിക്കാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. ഓരേ റൂട്ടിൽ ഒരേ വാഹനം കാണിച്ച് ഒന്നിലധികം ടെണ്ടർ സമർപ്പിച്ചാൽ അത്തരം ഒരു ടെണ്ടറും പരിഗണിക്കപ്പെടുന്നതല്ല.

7.4 ടെണ്ടറിൽ വിജയിക്കുന്നവർ, കരാറുറപ്പിക്കുന്ന റൂട്ടിൽ വാഹനമോടിക്കുവാൻ ബാധ്യസ്ഥമാണ്. കരാർ നൽകിക്കൊണ്ടുള്ള ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ നിശ്ചിത സമയത്തിനകം പാലിക്കാത്തവരുടെ നിരതദ്രവ്യം (EMD- Earnest Money Deposit) തിരികെ ലഭിക്കുന്നതല്ല.

7.5 കരാർ ലഭിക്കാത്തവർക്ക് EMD രണ്ടു മാസത്തിനകം ബാങ്ക് അക്കൗണ്ടിൽ കൂടി മാത്രം മാറാവുന്ന വിധത്തിലുള്ള ചെക്കായി / അക്കൗണ്ട് വിവരങ്ങൾ സമർപ്പിക്കുന്ന പക്ഷം ഓൺലൈനായി മടക്കി ലഭിക്കുന്നതാണ്.

7.6 മിൽമ ജീവനക്കാർക്കോ മിൽമയിൽ അഫ്ലിയേറ്റ് ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളിലെ ജീവനക്കാർക്കോ ടെണ്ടറിൽ പങ്കെടുക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

## 8. കരാർ നടത്തിപ്പിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

8.1 ഉൽപ്പന്ന വിതരണ സംബന്ധിയായി കരാറുകാരനെ ഏൽപ്പിക്കുന്ന എല്ലാ വസ്തുക്കളും കൃത്യമായ കണക്കു പ്രകാരം ഉദ്ദേശിക്കപ്പെട്ട രീതിയിൽ ക്രയവിക്രയം ചെയ്യേണ്ടതാണ്. തിരിച്ചേൽപ്പിക്കുവാൻ ബാധ്യസ്ഥമായവ കരാറുകാരനിൽ നിന്നും ലഭിക്കാതെ പോയാൽ അവയുടെ വില കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

8.2 മോഷണം, തൃപ്തികരമല്ലാത്ത പെരുമാറ്റം, തൃപ്തികരമായ സേവനം നൽകാതിരിക്കൽ, സുരക്ഷിതത്വ കാരണങ്ങൾ മുതലായവ കാരണം കരാറുകാരന്റെ ഏതെങ്കിലും ജീവനക്കാരനെ ജോലിയിൽ നിന്നും മാറ്റി നിർത്തണമെന്നു മിൽമ ആവശ്യപ്പെട്ടാൽ അപ്രകാരം ചെയ്യുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

8.3 വിതരണ വാഹനത്തിൽ കയറ്റുന്നതിനായി മിൽമയുടെ ജീവനക്കാർ ഡെസ്പാച്ച് ഡോക്കിൽ അട്ടി വെയ്ക്കുന്ന ഉൽപ്പന്നങ്ങൾ വാഹനത്തിൽ കയറ്റേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വം ആയിരിക്കും.

8.4 ഉൽപ്പന്നവിതരണം കഴിഞ്ഞ് തിരികെയെത്തുന്ന ട്രേകൾ, ക്യാനുകൾ ക്രേറ്റുകൾ, വ... സംബന്ധിയായ മറ്റു കണ്ടെയ്നറുകളും സാമഗ്രികളും എന്നിവ 'റിട്ടേൺ' നൽകി അപ്പപ്പോൾ കണ... ബോധിപ്പിക്കേണ്ടത് കരാറുകാരന്റെ ജീവനക്കാരുടെ ചുമതലയായിരിക്കും.

8.5 കരാറുകാരൻ തന്റെ വാഹനത്തിൽ GPS സംവിധാനം, കണ്ടെയ്നറിൽ ടെംപറേച്ചർ മോണിറ്ററിംഗ് സിസ്റ്റം ഇവ ഘടിപ്പിക്കുവാൻ അനുവദിക്കേണ്ടതാണ്.

8.6 ഡെയറി നിർദ്ദേശിക്കുന്നതല്ലാതെ മറ്റൊന്നും വാഹനത്തിൽ കൊണ്ടുപോകാൻ അനുവദിക്കുന്നതല്ല.

8.7 പതിവായ രീതിയിൽ കൃത്യസമയത്ത് ഉൽപ്പന്ന വിതരണം നടത്തുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ച വന്നാൽ ബദൽ സംവിധാനങ്ങൾ മിൽമ ഏർപ്പെടുത്തുകയാണെങ്കിൽ അതിന്റെ മുഴുവൻ അധികച്ചിലവും കരാറുകാരൻ വഹിക്കേണ്ടി വരുന്നതാണ്.

8.8 കണ്ടെയ്നർ വൃത്തിയായി സൂക്ഷിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വം ആയിരിക്കും.

8.9 നിശ്ചയിക്കപ്പെട്ട റൂട്ടിൽ ഒരു ട്രിപ്പിൽ കൂടുതൽ വാഹനം ഓടേണ്ട സാഹചര്യമുണ്ടെങ്കിൽ, നിശ്ചയിക്കപ്പെട്ട നിരക്കിൽ തന്നെ കൂടുതൽ ട്രിപ്പുകൾ ഓടിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥമായിരിക്കും.

8.10 വാഹനം കേരളത്തിന് അകത്തും പുറത്തുമുള്ള വിവിധ ലക്ഷ്യങ്ങളിലേയ്ക്ക് ഓടിക്കുന്നതിന് ഡെയറിയ്ക്ക് അധികാരം ഉണ്ടായിരിക്കും. കേരളത്തിന് പുറത്തേക്കുള്ള ട്രിപ്പുകളിൽ വരാവുന്ന ടോൾ ചാർജ്, പെർമിറ്റ് ചാർജ് എന്നിവ ഡെയറി വഹിക്കുന്നതാണ്.

8.11 ഡെയറി വാഹനം ഉപയോഗിക്കാത്ത ദിവസങ്ങളിൽ വാഹനം ഡെയറി പരിസരത്ത് തന്നെ സൂക്ഷിക്കേണ്ടതാണ്.

8.12 ഡെയറിയിൽ നിന്ന് പുറപ്പെട്ട് തിരികെ എത്തുന്ന ദൂരം മാത്രമെ വാടക നൽകുന്നതിന് പരിഗണിക്കുകയുള്ളു.

8.13 സമയാസമയങ്ങളിലെ RTO യുടെ പുതുക്കിയ നിർദ്ദേശങ്ങൾ പാലിക്കാൻ കരാറുകാർ ബാധ്യസ്ഥരാണ്.

8.14 ഉൽപ്പന്ന വിതരണ വാഹനങ്ങളിലെ പഫ് ബോഡിയിൽ പരസ്യം നൽകുന്നതിന് യൂണിയന് അവകാശം ഉണ്ടായിരിക്കുന്നതാണ്. പരസ്യം നൽകുന്നതിനുള്ള ചിലവ് അതാത് ഡെയറികൾ വഹിക്കുന്നതാണ്. പരസ്യം നൽകുന്നതിനുള്ള NOC ബന്ധപ്പെട്ട കോൺട്രാക്ടർ ഡെയറികൾക്ക് നൽകേണ്ടതാണ്.

8.15 വാഹനം ഡെയറിയുടെ അനുവാദമില്ലാതെ കൈമാറ്റം ചെയ്യാനോ മറ്റൊരാൾക്ക് ഏൽപിച്ചുകൊടുക്കുവാനോ പാടുള്ളതല്ല.

## 9. എഗ്രിമെന്റ്

കരാർ ലഭിക്കുന്നവർ നിശ്ചിത തിയതിക്കകം മിൽമയിൽ സെക്യൂരിറ്റി അടവാക്കി സ്വന്തം ചിലവിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്.

## 10. EMD & Security

ടെണ്ടർ സമർപ്പിക്കുന്നവർ പൂരിപ്പിച്ച ടെണ്ടർ ഫോറത്തിനൊപ്പം താഴെപ്പറയുന്ന പ്രകാരം നിരതദ്രവ്യവും (EMD- Earnest Money Deposit), കരാർ ഉറപ്പിച്ച് ഉത്തരവ് ലഭിക്കുന്നവർ താഴെപ്പറയുന്ന പ്രകാരം സെക്യൂരിറ്റി തുകയും (DD/Online Cash) സമർപ്പിക്കണം.

| വാഹന ഇനം | EMD രൂപ | സെക്യൂരിറ്റി തുക |
|---|---|---|
| 2 ടൺ റെഫ്രിജറേറ്റഡ് ട്രക്ക് | Rs.5000/- | Rs.100000/- |

11. <u>റൂട്ടുകൾ സംബന്ധിച്ച വിവരങ്ങൾ</u>

| ക്രമ നമ്പർ | റൂട്ട് | കപ്പാസിറ്റി | പഫ് റെഫ്രിജറേറ്റഡ് കണ്ടൈനെർ | ടെണ്ടർ നിരക്ക് ലിറ്റർ/കി.മി | മിനിമം അഷ്വാർഡ് കി.മി | കരാർ കാലാവധി |
|---|---|---|---|---|---|---|
| 1 | 2 ടൺ റെഫ്രിജറേറ്റഡ് ട്രക്ക് | 2MT | കോൺട്രാക്ടറുടെ | കി.മി നിരക്ക് | 2500 KM പ്രതിമാസം | 01.07.2026 മുതൽ 30.06.2028 വരെ |

**<u>ടെണ്ടർ സമർപ്പിക്കുന്നവർക്ക് സംശയദൂരീകരണത്തിന് 10.06.2026ന് രാവിലെ 10 മണി മുതൽ 11 മണി വരെ ഡയറിയിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.</u>**

12. ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ.

12.1 നിരതദ്രവ്യം (EMD) അടച്ചതിന്റെ രസീത് അഥവാ Managing Director, MRCMPULtd എന്ന പേരിലുള്ള കോഴിക്കോട് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്

12.2 വാഹനത്തിന്റെ നിർമ്മാണ വർഷം വ്യക്തമാക്കുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പേജിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി.

12.3 പുതുതുതായി വാഹനം വാങ്ങാനുദ്ദേശിക്കുന്നവർ പുതിയ വാഹനത്തിന്റെ പെർഫോർമ ഇൻവോയ്സ്.

ഡെയറി മാനേജർ

13. ടെണ്ടർ സമർപ്പിക്കുന്ന ആളിന്റെ പേരും മേൽവിലാസവും :

-----------------------------------------------------------------------------------------------------

14. ഫോൺ: Land line (with STD Code)------------------------ Mob---------------------

15. കരാർ നടത്തിപ്പിന് ഉദ്ദേശിക്കുന്നത് ഇപ്പോൾ രജിസ്ട്രേഷനുള്ള വാഹനമാണെങ്കിൽ അതിന്റെ

നമ്പർ---------------------------------- നിർമ്മാണ വർഷം---------------------------------

16. കരാർ നടത്തുന്നതിന് ഉദ്ദേശിക്കുന്നത് ഇപ്പോൾ രജിസ്ട്രേഷനില്ലാത്ത പുതിയ വാഹനം വാങ്ങിയിട്ടാണെങ്കിൽ ആയതിന്റെ പെർഫോർമ ഇൻവോയ്സിന്റെ വിവരങ്ങൾ:

-----------------------------------------------------------------------------------------

17. ടെണ്ടർ സമർപ്പിക്കുന്ന റൂട്ടിന് ഉദ്ദേശിക്കുന്ന നിരക്ക് (Assured KM total 2500/Month)

| | റഫ്രിജറേഷൻ യൂണിറ്റ് പ്രവർത്തിപ്പിക്കു മ്പോൾ (One side) | റഫ്രിജറേഷൻ യൂണിറ്റ് പ്രവർത്തിപ്പിക്കാതെ (One side) |
|---|---|---|
| നിരക്ക് അക്കത്തിൽ | ----------- രൂപ ----------- പൈസ റണ്ണിംഗ് കിലോമീറ്ററിന് | ---------- രൂപ --------- പൈസ റണ്ണിംഗ് കിലോമീറ്ററിന് |
| നിരക്ക് അക്ഷരത്തിൽ | ..................രൂപ............. പൈസ റണ്ണിംഗ് കിലോമീറ്ററിന് | .................രൂപ.............പൈസ റണ്ണിംഗ് കിലോമീറ്ററിന് |

18. ടെണ്ടർ സമർപ്പിക്കുന്നയാളിന്റെ തീയതിവെച്ചുള്ള ഒപ്പ്: